കൈവശം വച്ചിരിക്കുന്ന തുക തിരിച്ചടക്കണമെന്ന് ശ്രീമതി ആശാ രാജിനോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ മുൻസിഫ് കോടതി വിധിക്കെതിരെ ശ്രീമതി ആശാ രാജ് കൊല്ലം ജില്ലാ കോടതിയിൽ അപ്പീൽ സമർപ്പിച്ചിരിക്കുകയാണ്.

5. പാചക തൊഴിലാളിയായ ലക്ഷ്മി സമർപ്പിച്ച പരാതിയെ സംബന്ധിച്ച കേസിൽ തീരുമാനമായിട്ടില്ല.

(സി) ശുപാർശയുടെ പകർപ്പ് ലഭ്യമാക്കുന്നു.

(ഡി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശുപാർശകളിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) അൽസെയ്ത് എൽ.പി. സ്കൂളിലെ ക്രമക്കേടുകൾ സംബന്ധിച്ച് കേരള നിയമസഭ പിന്നോക്കസമുദായ സമിതി ചില വിശദാംശങ്ങൾ സർക്കാരിനോട് ആരായുകയും അതിനു മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ സ്കോളർഷിപ്പുകൾ ഓഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിനെ ഏൽപ്പിച്ച നടപടി

25 (2028) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കോളർഷിപ്പുകൾ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഓഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിനെ ഏല്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൽ എടുത്ത നടപടികൾ എന്തെല്ലാം ;

(സി) എന്തെല്ലാം സ്കോളർഷിപ്പുകളാണ് ഓഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിനെ ഏല്പിച്ചത് എന്ന് അറിയിക്കുമോ ;

(ഡി) ഓരോ ഇനത്തിനും നൽകിയ തുക എത്ര ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

പത്താം ക്ലാസ്സിലെ മലയാള പാഠപുസ്തക നിർമ്മാണ സമിതി

26 (2029) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം ക്ലാസ്സിലെ മലയാള പാഠപുസ്തക നിർമ്മാണ സമിതിയിലംഗങ്ങളായ ഒരു സംഘം അദ്ധ്യാപകരെ ഇതുമായി ബന്ധപ്പെട്ട ശില്പശാലകളിൽ നിന്ന് ബോധപൂർവ്വം മാറ്റിനിർത്തിക്കൊണ്ട് പാഠപുസ്തക

LIBRARY ARCHIVES Kerala Legislative Assembly